**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3332** **01-03-2023 - ൽ മറുപടിയ്ക്ക്**

**മലയോര, ആദിവാസി മേഖലകളിലെ ഭൂമിക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. കുറുക്കോളി മൊയ്‌തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലയോര, ആദിവാസി മേഖലകളിൽ ദീർഘനാളായി കൈവശം വച്ച് കൃഷി ചെയ്തുവരുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | മലയോര, ആദിവാസി മേഖലകളിൽ ദീർഘകാലമായി കൈവശം വച്ചിരിക്കുന്ന കൃഷിഭൂമിയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടി പ്രത്യേക മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. 1960 ലെ കേരള ഭൂ പതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993 ലെ കേരള ഭൂമി പതിച്ചു നൽകൽ (01.01.1977 ന് മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള കൈയ്യേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 2001 ലെ കേരള ഗവൺമെന്റ് ഭൂമി പട്ടികവർഗ്ഗങ്ങൾക്ക് പതിച്ചു നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971 ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ചു നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടികവർഗ്ഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇതു കൂടാതെ കേന്ദ്രനിയമമായ വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്. ഇതുപ്രകാരം പട്ടയം നൽകുന്നതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇവ പട്ടയം മിഷനിൽ ഉൾപ്പെടുത്തി സത്വര നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കാർഷിക വായ്പ ഉൾപ്പെടെയുള്ള വായ്പകൾക്ക് പട്ടയം ആവശ്യമായതിനാൽ ആയത് ലഭ്യമാക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | മലയോര, ആദിവാസി മേഖലകളിൽ ദീർഘകാലമായി കൈവശം വച്ചിരിക്കുന്ന കൃഷിഭൂമിയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടി പ്രത്യേക മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. 1960 ലെ കേരള ഭൂ പതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993 ലെ കേരള ഭൂമി പതിച്ചു നൽകൽ (01.01.1977 ന് മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള കൈയ്യേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 2001 ലെ കേരള ഗവൺമെന്റ് ഭൂമി |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗങ്ങൾക്ക് പതിച്ചു നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971 ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ചു നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടികവർഗ്ഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇതു കൂടാതെ കേന്ദ്രനിയമമായ വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്. ഇതുപ്രകാരം പട്ടയം നൽകുന്നതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇവ പട്ടയം മിഷനിൽ ഉൾപ്പെടുത്തി സത്വര നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ